സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം

12 (*12) ശ്രീ. റ്റി. യു. കരുവിള:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -ന് ശേഷം സംസ്ഥാനത്ത് എക്കാലത്തെയും കൂടിയ നിയമനം പി.എസ്.സി. വഴി നടത്തുവാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. വഴി നിയമിക്കപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കൃത്യമായ പരിശീലനം നൽകുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗതയും കൃത്യതയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി വിജ്ഞാപനം മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വരെയുള്ള നടപടി ക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയുന്നു. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി നിയമനം ലഭിക്കുന്ന തസ്തികകളായ LGS, LDC, Assistant/Auditor തസ്തികകളുടെ നിയമനത്തിൽ, ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തന്നെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. യൂണിഫോംഡ് ഫോഴ്സ് തസ്തികകളുടെ നിയമനം വർഷാവർഷം നടത്തിവരുന്നു. One Time Registration, One Time Verification എന്നീ സംവിധാനങ്ങളിലൂടെ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ സൗകര്യം ലഭിച്ചു. ഇതുവഴി അപേക്ഷകൾ പരിശോധന നടത്തുന്നതിന് പി.എസ്.സി.-ക്ക് കൂടുതൽ വേഗതയും കൃത്യതയും കൈവരിക്കുവാൻ സാധിച്ചു ഓൺലൈൻ പരീക്ഷാ സമ്പ്രദായം ആവിഷ്കരിക്കുകയും തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഇത് തെരഞ്ഞെടുപ്പിന്റെ വേഗതയും കൃത്യതയും കൂടുതൽ ഉറപ്പുവരുത്തുവാൻ ഇടവരുത്തുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നൽകുന്നതുവരെയുള്ള മേഖലയിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വ്യാപിപ്പിക്കുക എന്ന ലക്ഷ്യം

LIBRARY ARCHIVES Kerala Legislative Assembly

മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടന്നുവരുന്നു. 27 വർഷത്തോളം പഴക്കമുണ്ടായിരുന്ന 3000-ലേറെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം2015 ഡിസംബർ വരെ ആകെ 1,43,103 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. കാലാകാലങ്ങളിൽ വേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി ഭരണ സംവിധാനത്തിലെ നൂതന ആശയങ്ങൾ, നിയമങ്ങൾ തുടങ്ങിയവ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്റ്റ് സ്കിൽസ് ട്രെയിനിംഗ് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. പി.എസ്.സി. വഴി നിയമനം ലഭിച്ച ഉദ്യോഗസ്ഥർക്ക് 18 ദിവസം നീണ്ടുനിൽക്കുന്ന ഇൻഡക്ഷൻ പരിശീലന പരിപാടി കേരള സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) നടത്തുന്നു. കൂടാതെ ഗവൺമെന്റ് ഓഫ് ഇന്ത്യാ പദ്ധതി പ്രകാരവും ഇൻഡക്ഷൻ പരിശീലനം നടത്തുന്നു. ഈ പരിശീലനം പുതുതായി നിയമനം ലഭിച്ച എല്ലാപേർക്കും എത്തിക്കാൻ ഉദ്ദേശിക്കുന്നു.

വിജിലൻസ് അന്വേഷണരീതിയെക്കുറിച്ച് കോടതികൾ ഉയർത്തിയ വിമർശനങ്ങൾ

13 (*13) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ജി. സുധാകരൻ:
ശ്രീ. എം. ഹംസ:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് അന്വേഷണരീതിയേയും അതിന്റെ നടപടികളെയും കുറിച്ച് കോടതികൾ ഉയർത്തിയ വിമർശനങ്ങൾ ഉൾക്കൊള്ളാനും വിജിലൻസിനെ ശരിയായ നിലയിൽ നിയമാനുസൃതം പ്രവർത്തിപ്പിക്കാനും സർക്കാർ തയ്യാറാകുമോ;

(ബി) കേസുകൾ തേച്ചുമാച്ച് കളയാൻ വിജിലൻസിനെ ഉപയോഗിച്ച് ശ്രമിച്ചു

LIBRARY ARCHIVES Kerala Legislative Assembly